©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2021 മേയ് 28<br>28th May 2021<br>1196 ഇടവം 14<br>14th Idavam 1196<br>1943 ജ്യേഷ്ഠം 7<br>7th Jyaishta 1943 | നമ്പർ<br>No. | 1655 |

### കേരള സർക്കാർ

ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃകാര്യ (ഡി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (സാധാ.) നമ്പർ 1131/2021/ആ.കു.വ.

*തിരുവനന്തപുരം, 2021 മേയ് 27*
*1196 ഇടവം 13*
*1943 ജ്യേഷ്ഠം 6.*

**എസ്. ആർ. ഒ. നമ്പർ 420/2021**

കേരള സംസ്ഥാനത്തിനകത്ത് കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് ആരോഗ്യ രക്ഷ/ചികിത്സാ ഇനങ്ങളുടെ ന്യായവിലയ്ക്കുള്ള ലഭ്യതയും നീതിപൂർവ്വകമായ വിതരണവും ഉറപ്പുവരുത്തുന്നതിനുവേണ്ടി അത് വിൽക്കുകയോ വാങ്ങുകയോ ചെയ്യേണ്ട വില ക്രമപ്പെടുത്തുന്നത് ആവശ്യവും യുക്തവുമാണെന്ന് കേരള സർക്കാരിന് അഭിപ്രായമുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത സാധനങ്ങൾ 1986-ലെ കേരള അവശ്യ സാധന നിയന്ത്രണ ആക്റ്റിന്റെ (1986-ലെ 13-ാം ആക്റ്റ്), 2-ാം വകുപ്പ് (എ) ഖണ്ഡത്തിൻകീഴിൽ അവശ്യസാധനങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതിനാലും;

അതിനാൽ, 1986-ലെ കേരള അവശ്യ സാധന നിയന്ത്രണ ആക്റ്റിന്റെ (1986-ലെ 13-ാം ആക്റ്റ്), 3-ാം വകുപ്പിൻകീഴിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ, താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു, അതായത്:—

## ഉത്തരവ്

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ഉത്തരവിന് 2021-ലെ കോവിഡ് വ്യാപന നിയന്ത്രണ/ചികിത്സാ ഉപകരണ (വിലനിയന്ത്രണ) ഉത്തരവ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഉത്തരവിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) “ആക്റ്റ്” എന്നാൽ 1986-ലെ കേരള അവശ്യ സാധന നിയന്ത്രണ ആക്റ്റ് (1986-ലെ 13-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) “കോവിഡ് വ്യാപന നിയന്ത്രണ/ചികിത്സാ ഉപകരണങ്ങൾ” എന്നാൽ കോവിഡ് വ്യാപന നിയന്ത്രണത്തിനും രോഗ ചികിത്സയ്ക്കും സഹായകമാകുന്ന സാധനങ്ങളും ഉപകരണങ്ങളും എന്ന് അർത്ഥമാകുന്നു;

(സി) “വ്യാപാരി” എന്നാൽ ഒരു മൊത്ത കച്ചവടക്കാരനായോ അല്ലാതെയോ മറ്റേതെങ്കിലും വ്യാപാരവുമായി യോജിച്ചോ അല്ലാതെയോ കോവിഡ് വ്യാപന നിയന്ത്രണ/ചികിത്സാ ഉപകരണങ്ങളുടെ വിൽപ്പന, സപ്ലൈ ചെയ്യൽ, വിതരണം എന്നീ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും അയാളുടെ പ്രതിനിധിയോ അല്ലെങ്കിൽ ഏജന്റോ ഉൾപ്പെടുന്നതും എന്നാൽ ഒരു ഉൽപ്പാദകൻ ഉൾപ്പെടാത്തതുമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) "ഉൽപ്പാദകൻ" എന്നാൽ (ബി) ഉപഖണ്ഡം പ്രകാരമുള്ള ചികിത്സാ അനുബന്ധ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും ആൾ/സ്ഥാപനം എന്നർത്ഥമാകുന്നു;

(എഫ്) "പരമാവധി റീട്ടെയിൽ വില" എന്നാൽ അന്തിമ ഉപഭോക്താവിന് ഉത്തരവിന്റെ 3-ാം ഖണ്ഡികയിൽ പറയുന്ന ഇനങ്ങൾ വിൽക്കേണ്ട നികുതി ഒഴികെയുള്ള പരമാവധി വില എന്നർത്ഥമാകുന്നു. ബാധകമായ നികുതികളും ഡ്യൂട്ടികളും ഏതെങ്കിലുമുണ്ടെങ്കിൽ (ബാധകമായ നികുതികൾക്കു പുറമേ), ഉൾപ്പെടുന്നതുമാകുന്നു;

(ജി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. കോവിഡ് വ്യാപന നിയന്ത്രണ/ചികിത്സാ ഉപകരണങ്ങളുടെ പരമാവധി റീട്ടെയിൽ വില.— പരമാവധി റീട്ടെയിൽ വില എന്നാൽ ഉൽപ്പാദന ചെലവ്, വ്യാപാര മാർജിൻ, നികുതികളും ഡ്യൂട്ടികളും സെസ്സും ഏതെങ്കിലുമുണ്ടെങ്കിൽ, ഉൾപ്പെടെ, താഴെ പട്ടികയിൽ പറയുന്ന നിരക്കിൽ ആയിരിക്കുന്നതാണ്:

| *ക്രമ നമ്പർ* | *ഇനം* | *സവിശേഷത* | *നിരക്ക് (രൂപ)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പി.പി.ഇ. കിറ്റ് (PPE Kit) | BIS ആവരണം IS 17423:2020 N95-IS 9473:2002 | 328 |
| 2 | എൻ 95 മാസ്ക് (N95 Mask) | IS 9473:2002 | 26 |
| 3 | ട്രിപ്പിൾ ലെയർ മാസ്ക് (Triple Layer Mask) | IS 16289:2014 | 5 |
| 4 | ഫേസ് ഷീൽഡ് (Face Shield) | 175 Microns fog free | 25 |
| 5 | ഏപ്രൺ (ഡിസ്പോസിബിൾ) (Apron-Disposable) | | 14 |
| 6 | സർജിക്കൽ ഗൗൺ (Surgical Gown) | Non oven SMMS fabric 45 GSM with ETO sterilization. Length 127-135 cm., width 76cm. Sleeve 55cm., cuff length 6cm. | 78 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | എക്സാമിനേഷൻ ഗ്ലൗസ്<br>(1 എണ്ണം)<br>(Examination Gloves- 1 Number) | | 7 |
| 8 | ഹാന്റ് സാനിറ്റൈസർ<br>(500 എംഎൽ.)<br>(Hand Sanitizer-500 ml.) | | 230 |
| 9 | ഹാന്റ് സാനിറ്റൈസർ<br>(200 എംഎൽ.)<br>(Hand Sanitizer-200 ml.) | WHO formulations | 118 |
| 10 | ഹാന്റ് സാനിറ്റൈസർ<br>(100 എംഎൽ.)<br>(Hand Sanitizer-100 ml.) | WHO formulations | 66 |
| 11 | സ്റ്റെറൈൽ ഗ്ലൗസ് ജോഡി<br>(Sterile Gloves-Pair) | WHO formulations | 18 |
| 12 | എൻ.ആർ.ബി. മാസ്ക്<br>(NRB Mask) | | 96 |
| 13 | ഓക്സിജൻ മാസ്ക്<br>(Oxygen Mask) | Made of Medical Grade of plastic, with nasal clip. Elastic band and 2 meter length | 65 |
| 14 | ഫ്ലോ മീറ്റർ വിത്ത് ഹ്യുമിഡിഫയർ<br>(Flow Meter with Humidifier) | | 1824 |
| 15 | ഫിംഗർ ടിപ് പൾസ് ഓക്സി മീറ്റർ<br>(Finger Tip Pulse Oxi meter) | CE certified with display of saturization percentage of oxygen and pulse rate. Colour LCD, ON/OFF switches with AAA Batteries | 1800 |

നിശ്ചയിച്ച പരമാവധി റീട്ടെയിൽ വിലയേക്കാൾ കൂടിയ വിലയ്ക്ക് യാതൊരു വ്യാപാരിയും ഏതൊരു ഉപഭോക്താവിനും വിൽക്കാനോ വിൽക്കുന്നതിനുള്ള വാഗ്ദാനം നല്കുവാനോ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. പ്രവേശിക്കുന്നതിനും, തിരച്ചിൽ നടത്തുന്നതിനും പിടിച്ചെടുക്കുന്നതിനുമുള്ള അധികാരം.—ലീഗൽ മെട്രോളജി വകുപ്പിലെ ലീഗൽ മെട്രോളജി ഇൻസ്‌പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ സിവിൽ സപ്ലൈസ് വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ സബ് ഇൻസ്‌പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥനോ ഈ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടിയോ അല്ലെങ്കിൽ ഒരു പരാതി ലഭിക്കുന്നപക്ഷമോ അല്ലാതെയോ ഈ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് വിശ്വസിക്കുവാൻ കാരണങ്ങളുണ്ടെങ്കിലോ,—

(എ) ഏതൊരു സ്ഥലത്തും പ്രവേശിക്കുകയും പരിശോധിക്കുകയും;

(ബി) വ്യാപാരാവശ്യാർത്ഥം സൂക്ഷിക്കുന്ന ഏതെങ്കിലും പുസ്തകങ്ങൾ, കണക്കുകൾ അല്ലെങ്കിൽ മറ്റു രേഖകളോ അല്ലെങ്കിൽ ഏതൊരാളുടെയും നിയന്ത്രണത്തിൻ കീഴിലുള്ളതോ അല്ലെങ്കിൽ കൈവശത്തിലുള്ളതോ ആയ 3-ാം ഖണ്ഡികയിൽ പരാമർശിക്കുന്ന സാധനങ്ങളുടെ ഏതൊരു സ്റ്റോക്കും പരിശോധിക്കുകയും;

(സി) ഈ ഉത്തരവിന്റെ കീഴിലുള്ള ഏതെങ്കിലും നടപടിക്രമത്തിന് ഉപയോഗ പ്രദമോ അല്ലെങ്കിൽ പ്രസക്തമോ ആയേക്കാമെന്ന് അയാൾക്ക് അഭിപ്രായമുള്ള ഏതെങ്കിലും പുസ്തകങ്ങൾ, കണക്കുകൾ അല്ലെങ്കിൽ മറ്റ് രേഖകൾ പിടിച്ചെടുക്കുകയും;

(ഡി) 3-ാം ഖണ്ഡികയിൽ പരാമർശിക്കുന്ന സാധനങ്ങൾ കൊണ്ടു പോകുന്നതിനായി ഉപയോഗിച്ചിട്ടുള്ളതോ ഉപയോഗിച്ചുവരുന്നതോ അല്ലെങ്കിൽ ഉപയോഗിക്കാവുന്നതോ ആയ ഏതെങ്കിലും യാനം, വാഹനം അല്ലെങ്കിൽ മറ്റേതെങ്കിലും യാത്രാവാഹനം തിരച്ചിൽ നടത്തുകയും;

(ഇ) ഈ ഖണ്ഡികയിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള ഏതൊരധികാര സ്ഥാനത്തിനും ഈ ഉത്തരവ് ലംഘിച്ചതായോ ലംഘിക്കപ്പെടുന്നതായോ അല്ലെങ്കിൽ ലംഘിക്കപ്പെടാൻ സാധ്യതയുള്ളതായോ വിശ്വസിക്കുവാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാരണമാവുന്നതായ ഉത്തരവിൽ പ്രതിപാദിക്കുന്ന സാധനങ്ങൾ പിടിച്ചെടുക്കുകയും ചെയ്യാവുന്നതാണ്.

(2) ഈ ഉത്തരവ് പ്രകാരമുള്ള പരിശോധന നടത്തലിനും പിടിച്ചെടുക്കലിനും 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിത, (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)-ലെ പരിശോധന നടത്തലും, പിടിച്ചെടുക്കലും സംബന്ധിച്ച വ്യവസ്ഥകൾ കഴിയാവുന്നിടത്തോളം ബാധകമാവുന്നതാണ്.

5. ശിക്ഷ.—ഈ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. വേണുഗോപാൽ,**

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2021 മേയ് 27-ാം തീയതിയിലെ സ. ഉ. (സാധാ.) 1131/2021/ആ.കു.വ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുള്ള 1986-ലെ കേരള അവശ്യ സാധന നിയന്ത്രണ ആക്റ്റിന്റെ (1986-ലെ 13-ാം ആക്റ്റ്) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൻകീഴിൽ പ്രസ്തുത ഉത്തരവിൽ പ്രതിപാദിക്കുന്ന സാധനങ്ങളെ അവശ്യ സാധനങ്ങളായി സർക്കാർ പ്രഖ്യാപിക്കുന്നതിനും കോവിഡ് വ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തെ നിലവിലെ സാഹചര്യത്തിൽ, പ്രസ്തുത സാധനങ്ങളുടെ ന്യായവിലയ്ക്കുള്ള ലഭ്യതയും നീതിപൂർവ്വകമായ വിതരണവും ഉറപ്പു വരുത്തുന്നതിനുവേണ്ടി 1986-ലെ കേരള അവശ്യ സാധന നിയന്ത്രണ ആക്റ്റിന്റെ (1986-ലെ 13-ാം ആക്റ്റ്) 3-ാം വകുപ്പിൻകീഴിൽ അവയുടെ പരമാവധി റീട്ടെയിൽ വില ക്രമപ്പെടുത്തുന്നത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.05.28 10:25:58 +05:30